**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2593** | **12-10-2021 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് സഹകരണവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനു വേണ്ടി കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും, പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും, നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ട്. ഉത്സവ കാലങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും സഹകരണ സംഘങ്ങളെ കൂട്ടി യോജിപ്പിച്ചു കൊണ്ടും സർക്കാർ ധനസഹായ ത്തോടുകൂടി സബ്സിഡി വിപണികൾ നടത്താറുണ്ട്. ആട്ട, റവ, വെളിച്ചെണ്ണ, തേയില എന്നീ ഉത്പന്നങ്ങൾ ത്രിവേണി ബ്രാൻഡിൽ ആദായകരമായ നിരക്കിൽ മേൽ സൂചിപ്പിച്ച വിപണികളിലൂടെ വിൽപന നടത്തുന്നുമുണ്ട്. അതുപോലെ കൺസ്യൂമർ ഫെഡ് സ്വന്തമായും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും നടത്തി വരുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ ആദായകരമായ നിരക്കിൽ മരുന്ന് വിതരണം നടത്തുന്നുണ്ട്. കൺസ്യൂമർഫെഡ്സ്വന്തമായി ഉത്പാദിപ്പിക്കുന്ന ത്രിവേണി നോട്ട് ബുക്കുകളും ആഫീസ് സ്റ്റേഷനറികളും മറ്റും കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തുന്നതും വിപണികളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹായകരമാണ്. |

സെക്ഷൻ ഓഫീസർ